## കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)

തദ്ദേശ സ്വയംഭരണ വകുപ്പിനു കീഴിൽ 1990 ൽ കേരള സർക്കാർ രൂപം നൽകിയ സ്വയംഭരണ സ്ഥാപനമാണ് 'കില'. തൃശൂർ-ഷൊർണൂർ റോഡിൽ, നഗരത്തിൽ നിന്ന് 12 കിലോമീറ്റർ മാറി മുളങ്കുന്നത്തുകാവിലാണ് 'കില' യുടെ ആസ്ഥാനം. ശാന്ത സുന്ദരമായ ഗ്രാമീണാന്തരീക്ഷം, നയനാനന്ദകരമായ ഉദ്യാനങ്ങൾ, പഠനത്തിനും പരിശീലനത്തിനും അനുയോജ്യമായ കെട്ടിട സമുച്ചയം, നിലവാരം പുലർത്തുന്ന അതിഥി മന്ദിരങ്ങൾ, ചെറുതും വലുതുമായ സമ്മേളനങ്ങൾക്ക് സൗകര്യമുള്ള കോൺഫറൻസ് ഹാളുകൾ, വിജ്ഞാനത്തിന്റെ കലവറയായ ഗ്രന്ഥാലയം, അറിവും കാര്യശേഷിയും വളർത്തിയെടുക്കാൻ താല്പര്യമുള്ള ഓരോരുത്തരേയും അതിന് സുസജ്ജമാക്കുന്ന സംവിധാനങ്ങൾ എന്നിവ ഒത്തിണങ്ങിയതാണ് 'കില' കാമ്പസ്.

ഉയർന്ന വിദ്യാഭ്യാസയോഗ്യതയും നീണ്ടകാലത്തെ പ്രവൃത്തി പരിചയവും ഉള്ള ഫാക്കൽറ്റി അംഗങ്ങൾ പരിശീലനത്തിന് നേതൃത്വം നല്കുന്നു. വിവിധ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ച ഗസ്റ്റ് ഫാക്കൽറ്റി അംഗങ്ങൾ ഓരോ പരിശീലന പരിപാടിയും സമ്പുഷ്ടമാക്കുന്നു. പ്രാദേശിക ഭരണ നിർവ്വഹണം സംബന്ധിച്ച സംശയങ്ങൾ ദുരീകരിക്കുന്നതിന് 'കില'യിൽ ഹെൽപ്പ് ഡെസ്ക്ക് സംവിധാനമുണ്ട്.

കേരളത്തിലെ പ്രാദേശിക ഭരണം കാര്യക്ഷമവും സുഗമവും ആക്കുന്നതിനുള്ള പരിശീലനം, പഠനം, ഗവേഷണം, വിജ്ഞാനവ്യാപനം എന്നിവയാണ് 'കില'യുടെ മുഖ്യ കർമ്മ മേഖലകൾ. ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സന്നദ്ധ പ്രവർത്തകർ തുടങ്ങിയവരെ അതിനു സജ്ജരാക്കുന്നതിന് വിവിധ പരിശീലനപരിപാടികൾ 'കില' ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്നു. തുടർച്ചയായ ദേശീയ-അന്തർദേശീയ പരിശീലനകോഴ്സുകൾ വഴി ആഴത്തിലുള്ള പഠന-ഗവേഷണങ്ങൾക്ക് കില വേദിയൊരുക്കുന്നു. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലേയും, ശ്രീലങ്ക, പാകിസ്ഥാൻ, ബംഗ്ലാദേശ്, നേപ്പാൾ, ഭൂട്ടാൻഎന്നീ രാജ്യങ്ങളിലേയും ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും സാമൂഹിക പ്രവർത്തകരുടെയും പരിശീലനക്കളരി കൂടിയാണ് 'കില'. ഇതിനുവേണ്ടി കിലയിൽ സൗത്ത് ഏഷ്യൻ സ്കൂൾ ഓഫ് ലോക്കൽ ഗവേർണൻസ് സ്ഥാപിക്കപ്പെട്ടിട്ടുണ്ട്.

പ്രാദേശിക ഭരണം സംബന്ധിച്ചുള്ള പുസ്തകങ്ങൾ, മാർഗ്ഗരേഖകൾ, പഠനസഹായി എന്നിവയും 'കില' പ്രസിദ്ധീകരിക്കുന്നു. അന്താരാഷ്ട്ര നിലവാരം പുലർത്തുന്ന ഒരു അർദ്ധവാർഷിക മാസികയും - 'കില ജേർണൽ ഓഫ് ലോക്കൽ ഗവേർണൻസ്' - 'കില' പ്രസിദ്ധീകരിക്കുന്നു.

**Kerala Institute of Local Administration (KILA)**
Mulamkunnathukavu. P.O., Thrissur - 680 581
Phone: +1 487 2201312, 2201768, 2201061, 2200244
Fax: +91 487 2201062, email:mail@kilaonline.org
Website:www.kilaonline.org

2013

ജനസൗഹൃദ പഞ്ചായത്ത്

# ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ISO 9001: 2008 സർട്ടിഫിക്കേഷൻ




**കേ**രളത്തിലെ പൗരന്മാർക്ക് കാലവിളംബമില്ലാതെ തൃപ്തികരമായി സേവനം ലഭ്യമാക്കാൻ ഗ്രാമപഞ്ചായത്തുകൾക്ക് ഭരണഘടനാപരമായ ഉത്തരവാദിത്തമുണ്ട്. ഗ്രാമസഭകളിലൂടെ ഉയരുന്ന ജനശബ്ദവും ആവശ്യങ്ങളും പ്രവൃത്തി പഥത്തിലെത്തിക്കാൻ പഞ്ചായത്തുകൾ ബാദ്ധ്യസ്ഥരുമാണ്. ജനങ്ങൾക്ക് അർഹിക്കുന്ന സേവനത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തുകയാവണം പഞ്ചായത്തുകളുടെ പ്രവർത്തന ലക്ഷ്യം. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ മുൻഗണന മേഖലകളിലൊന്നാണ് സേവന ഗുണമേന്മയുടെ വ്യാപനം.

കേരള സർക്കാർ പാസ്സാക്കിയ സേവനാവകാശ നിയമത്തിലൂടെ സേവന ഗുണമേന്മക്ക് കൂടുതൽ പ്രാധാന്യം കൈവന്നിരിക്കുന്നു. സേവന ഗുണമേന്മയെന്ന ലക്ഷ്യത്തോടെ കേരളത്തിലെ പഞ്ചായത്തുകൾ ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടണം എന്ന നയം സംസ്ഥാന സർക്കാർ സ്വീകരിച്ചുകഴിഞ്ഞു. അതിലൂടെ പഞ്ചായത്തുകളെ ജനസൗഹൃദ സ്ഥാപനങ്ങളായി ഉയർത്താനാണുദ്ദേശിക്കുന്നത്.

ആദ്യ ഘട്ടമായി 2013-14 ൽ ഓരോ ജില്ലയിലേയും തെരഞ്ഞെടുക്കപ്പെട്ട പത്ത് പഞ്ചായത്തുകൾക്ക് വീതം ഐ.എസ്.ഒ. അംഗീകാരം നേടുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ആയതിലേക്ക് സംസ്ഥാന ബജറ്റിൽ 50 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. ഐ.എസ്.ഒ. സർട്ടിഫിക്കേഷന് മുന്നോടിയായി ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് (TQM) നടപ്പിലാക്കുന്നതിന് പഞ്ചായത്തുകളെ പ്രാപ്തരാക്കുകയെന്ന ലക്ഷ്യത്തോടെ വിപുലമായ കാര്യശേഷി വികസന പരിപാടി 'കില' രൂപകല്പനചെയ്തിട്ടുണ്ട്.

## പരിശീലന ലക്ഷ്യങ്ങൾ

**പരിശീലനപങ്കാളികൾക്ക്:**

- സദ്ഭരണത്തിന്റെ ആവശ്യകതയും അതിനുള്ള ഉപാധിയായ TQM സങ്കൽപ്പവും വിശദീകരിക്കുവാൻ കഴിയുക.
- ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിന്റെ (TQM) തത്വങ്ങളും ക്രിയകളും വിശദീകരിക്കുവാൻ കഴിയുക.
- ISO 9001:2008 സവിശേഷതകളും ആവശ്യകതയും സംബന്ധിച്ച് വിശദീകരിക്കുവാൻ കഴിയുക.
- ISO 9001:2008 സർട്ടിഫിക്കേഷനുള്ള നടപടിക്രമങ്ങൾ വിശദീകരിക്കുവാൻ കഴിയുക.
- പഞ്ചായത്തിൽ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിലാക്കുന്നതിന് പര്യാപ്തമായ കർമ്മപരിപാടി തയ്യാറാക്കുവാൻ കഴിയുക.

നിങ്ങളുടെ പഞ്ചായത്തിൽ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിലാക്കികൊണ്ട് ISO സർട്ടിഫിക്കേഷൻ നേടുന്നതിലൂടെ ജനസൗഹൃദ പഞ്ചായത്ത് എന്ന ബൃഹദ് ലക്ഷ്യം കൈവരിക്കുവാൻ താത്പര്യമുണ്ടോ ? എങ്കിൽ അതിനുവേണ്ടിയുള്ള പരിശീലനം കില രൂപകല്പന ചെയ്തിട്ടുണ്ട്. പരിശീലനത്തിൽ പങ്കെടുക്കുന്നതിന് ഇതോടൊപ്പം കൊടുത്തിരിക്കുന്ന പൂരിപ്പിച്ച ഫോറം ഈ അറിയിപ്പ് കിട്ടി 10 ദിവസത്തിനുള്ളിൽ അയക്കേണ്ടതാണ്.

ഡോ. പി.പി. ബാലൻ
ഡയറക്ടർ,കില

**അയക്കേണ്ട മേൽവിലാസം:**
ഡെപ്യൂട്ടി ഡയറക്ടർ (ട്രെയ്നിംഗ്), കില,
മുളങ്കുന്നത്തുകാവ് പി.ഒ., തൃശ്ശൂർ - 680 581 (ഫോൺ: 0487 2200244, Extn: 202)

| ഘട്ടം | പരിശീലന പങ്കാളികൾ |
|---|---|
| ഒന്നാംഘട്ടം | ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി |
| രണ്ടാം ഘട്ടം | ഗ്രാമപഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരും (ധനകാര്യം ഒഴികെ) അസിസ്റ്റന്റ് സെക്രട്ടറിയും. |

**നിബന്ധന**
അതത് ഘട്ടത്തിൽ ലക്ഷ്യമിടുന്ന പരിശീലന പങ്കാളികൾ നിർബന്ധമായും ഒരുമിച്ച് വേണം പരിശീലനത്തിൽ പങ്കെടുക്കുവാൻ

**രീതി**
പങ്കാളിത്ത പഠനത്തിനു മുൻഗണന നല്കി കൊണ്ടുള്ള അവതരണം, ഗ്രൂപ്പ് ചർച്ച, അനുഭവം പങ്കുവെക്കൽ, വിലയിരുത്തൽ.

| വേദി | ദൈർഘ്യം |
|---|---|
| കില, മുളങ്കുന്നത്തുകാവ്, തൃശ്ശൂർ | രണ്ട് ദിവസം (ഏകദേശം 12 മണിക്കൂർ) |

**കൂടുതൽ വിവരങ്ങൾക്ക്**

| | |
|---|---|
| ഡോ. ജെ.ബി രാജൻ | ഹെൽപ്പ് ഡസ്ക്ക് |
| കോഴ്സ് ഡയറക്ടർ | 'കില', തൃശൂർ |
| ഫോൺ - 0487 2200244. Ext. 604 | ഫോൺ - - 0487 2204097 |
| ഇ-മെയിൽ - jbrajan07@gmail.com | ഇ-മെയിൽ - helpdesk@yahoo.com |

**കില, മുളങ്കുന്നത്തുകാവ്, പി.ഒ., തൃശ്ശൂർ - 680 581**